# ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ്

ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ് രൂപം കൊണ്ടത് 1961-ലെ ജി.ഒ. (എം.എസ്) നം. 920/61/HLD എന്ന സർക്കാർ ഉത്തരവ് പ്രകാരം അന്ന് നിലവിലുണ്ടായിരുന്ന തൊഴിൽ വകുപ്പ് വിഭജിച്ചാണ്. ഈ വകുപ്പ് രൂപവൽക്കരിച്ചതിന്റെ ഉദ്ദേശം സംസ്ഥാനത്തെ ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യ സുരക്ഷാ ക്ഷേമകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ വരുത്തുന്നതിനും വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുക എന്നതുമായിരുന്നു. അതനുസരിച്ച് തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും തൊഴിൽശാലകളുടെ പ്രവർത്തനംമൂലം യാതൊരു വിധത്തിലുള്ള അപകടവും തൊഴിൽജന്യ രോഗങ്ങളും ഉണ്ടാകാത്ത വിധത്തിൽ നിയമപരമായി നിയന്ത്രിക്കുകയും തൊഴിലാളി ക്ഷേമ നിയമങ്ങൾ വ്യവസായശാലകളിൽ നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിനായി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ യഥാകാലം ഫാക്ടറികളും ബോയിലറുകളും പരിശോധിക്കുകയും അനുയോജ്യമായ ആരോഗ്യ സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയും, അവ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു..

1. ഭ<u>രണസംവിധാനം</u>

ഈ വകുപ്പിൽ നിലവിലുള്ളത് ദ്വിവിഭാഗ ഭരണ സംവിധാനമാണ്.

(എ) പരിശോധനാ വിഭാഗം (എൻഫോഴ്സ്മെൻറ് വിംഗ് )

(ബി) ആരോഗ്യ സുരക്ഷിതത്വ വിദഗ്ധോപദേശക വിഭാഗം (ഹെൽത്ത് & സേഫ്റ്റി എക്സ്പെർട്ട് അഡ്വൈസറി വിംഗ് )

എ) <u>പരിശോധന വിഭാഗം</u>

ഫാക്ടറികൾ പരിശോധിക്കുന്ന ചുമതല താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമായിരിക്കുന്നു.

1. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ
2. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ജോയിൻറ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്)
3. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് റീജിയണൽ ജോയിന്റ് ഡയറക്ടർ
4. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ (മെഡിക്കൽ)
5. ടെക്നിക്കൽ ഓഫീസർ (കെമിക്കൽ)
6. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഇൻസ്പെക്ടർ , ഗ്രേഡ് -1

7. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഇൻസ്പെക്ടർ , ഗ്രേഡ് –2

8. മെഡിക്കൽ ഓഫീസർ

9. കെമിക്കൽ ഇൻസ്പെക്ടർ

10. ടെക്നിക്കൽ അസിസ്റ്റൻറ് (കെമിക്കൽ)

11. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്

സംസ്ഥാനത്തുള്ള ഫാക്ടറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 22 ഫാക്ടറി ഡിവിഷനുകളായി വിഭജിച്ചിരിക്കുന്നു. ഓരോ ഫാക്ടറി ഡിവിഷനിലും ഒരു ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടറും ഒരു അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറും ഉണ്ട്. എന്നാൽ, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ഡിവിഷനുകളിൽ രണ്ട് അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടർമാരും ആലുവ, കോഴിക്കോട് എന്നീ ഡിവിഷനുകളിൽ രണ്ട് ഇൻസ്പെക്ടർമാരും, കൊല്ലം ഡിവിഷനിൽ മൂന്ന് ഇൻസ്പെക്ടർമാരും വീതം ഉണ്ട്. ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 2 (എം) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള (മേജർ) ഫാക്ടറികളും, സെക്ഷൻ 85 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഹസാർഡസ് ഡെയിഞ്ചറസ് മാനുഫാക്ചറിംഗ് പ്രോസസ് നടത്തുന്ന മൈനർ ഫാക്ടറികളും, കൂടാതെ ബോയിലറുകളും, ഗ്രേഡ് –I/II ഇൻസ്പെക്ടർമാർ പരിശോധിക്കുന്നു. കൂടാതെ സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളുടെ കാര്യങ്ങൾ നോക്കുന്നതിന് കൊല്ലം ജില്ലയിൽ കാഷ്യു സ്പെഷ്യൽ ഓഫീസറുടെ കീഴിൽ വിന്യസിച്ച തസ്തികയിൽ ഒരു ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഇൻസ്പെക്ടർ (ഗ്രേഡ്–2) പ്രവർത്തിക്കുന്നു.

മേൽപ്പറഞ്ഞ 22 ഫാക്ടറി ഡിവിഷനുകളെയും യഥാക്രമം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളാക്കി തിരിച്ച് ഒരോ മേഖലയും ഒരോ ജോയിൻറ് ഡയറക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

കൊച്ചിയിൽ അമ്പലമുകളിൽ കൊച്ചി റിഫൈനറീസ് ലിമിറ്റഡിന്റെ കപ്പാസിറ്റി എക്സ്പാൻഷൻ–കം–മോഡേണൈസേഷന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി വകുപ്പിന്റെ ഒരു ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറുടെ സേവനം 2005 മുതൽ ടി ഫാക്ടറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കൊച്ചിൻ ഷിപ്പ് യാർഡിൽ തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം ഇവ സബന്ധിച്ച നിയമങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു ജോയിന്റ് ഡയറക്ടറുടെ സേവനം 2011 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

ബി) <u>ആരോഗ്യ സുരക്ഷിതത്വ വിദഗ്ദ്ധോപദേശക വിഭാഗം</u>

ഈ വിഭാഗത്തിൽ ഒക്യുപേഷണൽ ഹെൽത്ത് ഡിവിഷനും കെമിക്കൽ ഡിവിഷനും ഉൾപ്പെടുന്നു. ഈ വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിൻറ് ഡയറക്ടർ ഓഫ്

ഫാക്ടറീസ് & ബോയിലേഴ്സ് (മെഡിക്കൽ) ആണ്. ഒരു ടെക്നിക്കൽ ഓഫീസർ (കെമിക്കൽ), അഞ്ച് കെമിക്കൽ ഇൻസ്പെക്ടർമാർ, നാല് മെഡിക്കൽ ഓഫീസർമാർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഫാക്ടറികളിൽ (മേജർ ആക്സിഡൻറ് ഹസാർഡസ് ) ഗുരുതരമായ അപകട സാദ്ധ്യതയുള്ളതിനാൽ വിദഗ്ദ്ധ പരിശോധന നടത്തുന്നതിനായി മേൽ പറഞ്ഞ സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു ഇൻഡസ്ട്രിയൽ ഹൈജീൻ ലാബോറട്ടറി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹസാർഡസ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം എന്നിവ മുൻനിർത്തി ഫാക്ടറി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്നതുപ്രകാരം ഫാക്ടറി അന്തരീക്ഷത്തിലെ എയർ മോണിറ്ററിംഗ്, തൊഴിലാളികളുടെ വൈദ്യപരിശോധന എന്നിവ നടപ്പിലാക്കുന്നതിനായി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെട്ട് സേഫ്റ്റിസെൽ ഓഫീസുകൾ പ്രവർത്തിക്കുന്നു.

## 2. ഡയറക്ടറേറ്റിലെ ഭരണ സംവിധാനം

ഡയറക്ടറെ സഹായിക്കുന്നതിനായി ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്), ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (മെക്കാനിക്കൽ), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്) സാങ്കേതിക കാര്യങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഭരണകാര്യങ്ങളിലും ഫൈനാൻസ് ഓഫീസർ സാമ്പത്തിക കാര്യങ്ങളിലും ഡയറക്ടറെ സഹായിക്കുന്നു.